Code number: 21

## ഒരു ഹരിതസ്വപ്നം

പിറന്ന സന്താനകുലങ്ങളതിദാഹ-
ശരങ്ങളെയ്തേറെ പിളർന്ന മാറുമായ്,
പടിയിറക്കാത്ത ഹൃദയനിധങ്ങ-
ളണയുവാൻ മൂകമലയുമമ്മ നീ.
വിഫല മോഹങ്ങൾ വികല സ്വപ്നങ്ങൾ
ഉദര സന്നിധിയിലധിക നാളുകൾ
നൊന്തുനിന്നിലൊടുവിൽ പിറന്നവരിൽ
ദാസ്യയായ്, മലിന വസ്ത്രയായ്, കഴുക-
നേത്ര ദാഹത്തിൻ പാനപാത്രമായ്,
ക്രൂരകേളികൾക്കന്തരംഗമായ്
നിന്ദ്യയായ് ഉയിരുകേഴുമുപഹാസ്യ-
രൂപമായ് തീർന്ന സൂര്യപത്നി നീ.
പണയങ്ങളിൽ സ്വപത്നിയെ* മറ-
ന്നധശാന്തിയണയുന്ന പുത്രരിവർ
കൺകളിൽ തിമിരബാധചൂടി, മൃതി-
ശയ്യകൾ തീർപ്പതിന്നു പൃഥ്വുവിൻ
ഗർഭപാത്രങ്ങൾ തോറും, ഉടൽമൂടും
സാഗരങ്ങളിലുമാത്മവേദിയിലും
വ്യർഥ ദൂതത്തിൻ പരിതപിക്കുവാൻ
കണ്ണനാളുവുമൊഴിച്ചു വെക്കാതെ.
ഒടുവിൽ നിന്ന് തളിരുമക്കരതലം
മൃതിവസന്തമണയാനിരിക്കവേ,
ഒരു മരത്തെ നടട്ടെ, കയ്പെഴും
കണ്ണുനീർപൊഴിച്ചുയിരു നൽകട്ടെ.